# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1982 08.03.2018-ൽ മറുപടിയ്ക്ക്

## കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി ആകർഷകമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ<br>,, കെ.എസ്.ശബരീനാഥൻ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സാധാരണക്കാരുടെ സമ്പാദ്യ ശീലം വളർത്തുന്നതിൽ കെ.എസ്.എഫ്.ഇ യുടെ പങ്ക് വിശദമാക്കാമോ; | (എ) | ചിട്ടിയെ ഒരു സമ്പാദ്യ മാർഗ്ഗമായി കണക്കാമെന്നതിനാൽ 17 ലക്ഷത്തോളം ഇടപാടുകാരാണ് കെ.എസ്.എഫ്.ഇ ചിട്ടിയിൽ അംഗമായിട്ടുള്ളത്. ചിട്ടിയ്ക്ക് പുറമെ സാധാരണക്കാരുടെ സമ്പാദ്യ ശീലം വളർത്തുന്നതിനായി സ്ഥിര നിക്ഷേപം, ഹ്രസ്വകാല നിക്ഷേപം, സുഗമ സേവിംഗ്സ് സ്കീം തുടങ്ങിയ പദ്ധതികളും കെ.എസ്.എഫ്.ഇ അവതരിപ്പിച്ചിട്ടുണ്ട്. മറ്റു ധനകാര്യ സ്ഥാപനങ്ങളേക്കാൾ അല്പമെങ്കിലും ആകർഷകമായ പലിശ നിരക്ക് ഈ നിക്ഷേപകർക്ക് നൽകുന്നുമുണ്ട്. ഇവയിലെല്ലാം കൂടി 31/01/2018 ലെ കണക്കനുസരിച്ച് 11 ലക്ഷത്തിലധികം നിക്ഷേപകർ കെ.എസ്.എഫ്.ഇ. യിൽ നിക്ഷേപിച്ചിട്ടുണ്ട്. ഓരോ വർഷവും അവരുടെ എണ്ണം വർദ്ധിച്ചു വരികയുമാണ്. |
| (ബി) | കിഫ്ബിക്ക് ധനം കണ്ടെത്തുന്നതിന് പ്രവാസി ചിട്ടി നടത്തുന്നതിന്റെ പ്രാരംഭമായി പ്രവാസി ബന്ധു സംഗമങ്ങൾ നടത്തിയിരുന്നോ; അതിലൂടെ ലഭിച്ച സന്ദേശം പ്രോത്സാഹനജനകമാണോ; വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലടക്കം 160 ഓളം കേന്ദ്രങ്ങളിൽ പ്രവാസി സംഗമങ്ങൾ കെ.എസ്.എഫ്.ഇ നടത്തുകയുണ്ടായി. ജനങ്ങളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും ആവേശകരമായ പ്രതികരണമാണ് ഇതിന് ലഭിച്ചത്. ഏകദേശം 25000 പ്രവാസികളുടെ ഫോൺ നമ്പറും ഇ -മെയിലും അടക്കമുള്ള ഒരു ഡാറ്റ ബാങ്ക് ശേഖരിക്കാൻ കഴിഞ്ഞു. ജനപ്രതിനിധികൾ നേരിട്ടെത്തി കാര്യങ്ങൾ ജനങ്ങളോട് വിശദീകരിച്ചതും ആവേശമായി. പ്രവാസി ചിട്ടികളുടെ നടത്തിപ്പിനാവശ്യമായ ഒരു വിപുലമായ അടിത്തറ പ്രവാസി ബന്ധു സംഗമങ്ങൾ വഴി രൂപപ്പെടുത്തുകയുണ്ടായി. |
| (സി) | പ്രവാസി ചിട്ടിയിൽ പ്രവാസികൾക്ക് താല്പര്യം രേഖപ്പെടുത്തുന്നതിന് വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.എഫ്.ഇ യുടെ സ്വദേശി ചിട്ടികളിൽ 40 ശതമാനത്തോളം നിലവിൽ തന്നെ പ്രവാസികൾ ബന്ധുക്കൾ വഴി ചേർന്നിട്ടുള്ള സാഹചര്യത്തിൽ വൻ തുക സലയുള്ള പ്രവാസി ചിട്ടികളിൽ ചേരുന്നതിന് അവർ താല്പര്യം പ്രകടിപ്പിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | ചിട്ടി എന്നത് ഒരു തുടർ പ്രക്രിയയായതിനാൽ ഒരു ചിട്ടിയിൽ ചേർന്ന ആൾ അത് അവസാനിക്കുമ്പോഴോ സാമ്പത്തിക നില മെച്ചപ്പെടുമ്പോഴോ പുതിയ ചിട്ടികളിൽ ചേരാറുണ്ട് എന്നതാണ് വാസ്തവം. അത് കൊണ്ട് തന്നെ ഇപ്പോൾ സ്വദേശി ചിട്ടികളിൽ ബന്ധുക്കൾ വഴി ചേർന്ന പ്രവാസികൾ അടുത്ത ഘട്ടത്തിൽ പ്രവാസി ചിട്ടി തെരഞ്ഞെടുക്കും എന്ന കാര്യത്തിലും സംശയമില്ല. |
| (ഇ) | പ്രവാസി ചിട്ടികളിൽ ചേരുന്നവർക്ക് എന്തൊക്കെ പ്രത്യേക ആനുകൂല്യങ്ങളാണ് നൽകുന്നത്;വിശദമാക്കാമോ; | (ഇ) | പ്രവാസികൾക്ക് ആകർഷകമായ നിരവധി പ്രത്യേകതകൾ കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടികളിൽ രൂപകല്പന ചെയ്തിട്ടുണ്ട് . അവയിൽ ചിലത് താഴെപ്പറയുന്നു.<br>1. ഏറെക്കുറെ സമ്പൂർണ്ണമായി ഓൺലൈൻ വഴി കൈകാര്യം ചെയ്യാവുന്ന രീതിയിലാണ് ഈ ചിട്ടികളുടെ രൂപകൽപ്പന . വിദേശത്ത് താമസിച്ച് കൊണ്ട് തന്നെ ചിട്ടിയിൽ ചേരാനും പണമടയ്ക്കുവാനും ലേലത്തിൽ പങ്കെടുക്കുവാനും ഇതു വഴി സാധിക്കുന്നു. മാത്രമല്ല കമ്പ്യൂട്ടർ വഴിയോ മൊബൈൽ ആപ്പ് വഴിയോ സ്വന്തം അക്കൗണ്ട് ഏതു സമയത്തും പരിശോധിക്കുവാൻ ഇടപാടുകാർക്ക് കഴിയുന്നു. സദാ സമയവും പ്രവർത്തിച്ച് കൊണ്ടിരിയ്ക്കുന്ന കസ്റ്റമർ കെയർ സെന്റർ മറ്റൊരു പ്രത്യേകതയാണ്.<br>2. മറ്റ് ചിട്ടികളിൽ നിന്ന് വിഭിന്നമായി കുറേയധികം മൂല്യ വർദ്ധിത • പദ്ധതികൾ പ്രവാസി ചിട്ടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇൻഷുറൻസ് പരിരക്ഷയാണ് ആദ്യത്തേത്. ഇത് വഴി, ദൗർഭാഗ്യവശാൽ ചിട്ടി ഇടപാടുകാരൻ/കാരി മരിക്കുകയോ അല്ലെങ്കിൽ തൊഴിലെടുക്കാൻ സാധിക്കാത്ത വിധം അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ 10 ലക്ഷം രൂപ വരെയുള്ള ബാദ്ധ്യതകൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിക്കും.<br>3. ദൗർഭാഗ്യവശാൽ വരിക്കാരൻ/കാരി വിദേശത്തു വച്ച് മരണമടഞ്ഞാൽ ഭൗതിക ശരീരം നാട്ടിലെത്തിയ്ക്കുന്നതിനുള്ള സഹായിയുടെ ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെയുള്ള യാത്രാച്ചെലവ് കെ.എസ്.എഫ്.ഇ വഹിക്കുന്നതാണ്.<br>4. പ്രവാസി ഇടപാടുകാരൻ/കാരി ആവശ്യപ്പെടുന്നതനുസരിച്ച് ചിട്ടി വിളിച്ചെടുക്കുമ്പോൾ തുക പെൻഷൻ ഫണ്ടിലേക്ക് മാറ്റാവുന്നതാണ്.<br>5. പ്രവാസി ചിട്ടിയിലടയ്ക്കുന്ന പണം കെ.എസ്.എഫ്.ഇ. യും കിഫ്ബിയും തമ്മിലുള്ള സവിശേഷ കരാറിലൂടെ കിഫ്ബിയിലെത്തുകയും അതിന് ചിട്ടിപ്പണം നൽകിയതിനു ശേഷം ബാക്കി വരുന്ന സംഖ്യ കേരളത്തിന്റെ പശ്ചാത്തല |

| | | | |
|---|---|---|---|
| | | | വികസനത്തിന് ഉപയോഗിക്കാവുന്നതുമാണ്. ഇത് വഴി വിദേശത്തു താമസിച്ചു കൊണ്ട് തന്നെ പ്രവാസിക്ക് കേരള വികസനത്തിൽ പങ്കാളികളാകാൻ കഴിയുന്നു. |
| (എഫ്) | എൻ.ആർ.ഐ അക്കൗണ്ടിൽ നികുതിക്ക് വിധേയമല്ലാത്ത തുക ഉപയോഗിച്ച് പ്രവാസി ചിട്ടിയിൽ ചേർന്ന് ചിട്ടി പിടിച്ചാൽ ആ തുക നികുതി വിധേയമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള പ്രവാസികളുടെ ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ? | (എഫ്) | റിസർവ്വ് ബാങ്ക് നിയമ പ്രകാരം ചിട്ടിത്തുക നാട്ടിലെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാനേ സാധ്യമാകു. മാത്രമല്ല, നാട്ടിലെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും ആസ്തി വർദ്ധിപ്പിക്കുന്നതിനും മറ്റുമാണ് സാധാരണ ചിട്ടി ഉപയോഗിക്കുന്നത്. അതിനാൽ നാട്ടിലെ നികുതി നിയമങ്ങൾ പ്രവാസി ചിട്ടി വരിക്കാർക്ക് ബാധമാകും. പ്രവാസികൾ നമ്മുടെ സമ്പദ് വ്യവസ്ഥ പുഷ്ടിപ്പെടുത്തുന്ന ഏറ്റവും വലിയ വിഭാഗം ആയതു കൊണ്ട് അവർക്ക് ഇളവുകൾ നേടിക്കൊടുക്കുവാൻ ഉള്ള മാർഗ്ഗങ്ങൾ ആരായാവുന്നതാണ്. |

സെക്ഷൻ ഓഫീസർ